Draft #2 of File 67417/AD B2-2/2022/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 05-Jul-2022 12:46 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല**

**പി. ഡി. ഹിൽസ്**

**അതിരമ്പുഴ, കോട്ടയം -686560**

67417/AD B2-2/2022/AD B 2 05.07.2022

**ടെൻഡർ നോട്ടീസ്**

മഹാത്മാഗാന്ധി സർവകലാശാലയിലെ ബഹു വൈസ് ചാൻസിലറുടെ കോൺഫെറൻസ് ഹാളിലേക്ക് എക്സിക്യൂട്ടീവ് ചെയറുകൾ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത മത്സരാധിഷ്ഠിത ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഇനവിവരണം

| Sl.No. | ITEM | Unit | Quantity |
|---|---|---|---|
| 1 | Executive Chair: Godrej or equivalent Non- revolving (without wheel) Executive High back support Chair with cushioned back and seat (~ 50 x 40 x 50 cm size); with an armrest at a height of 75 cm from the floor level. | Number | 20 |

ടെൻഡർ അടങ്ങുന്ന കവറിന് പുറത്ത് ടെണ്ടർ നമ്പർ രേഖപ്പെടുത്തേണ്ടതും **രജിസ്ട്രാർ, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, പി.ഡി ഹിൽസ് പി. ഒ, കോട്ടയം - 686560** എന്ന വിലാസത്തിൽ അയക്കേണ്ടതുമാണ്.

**ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി, സമയം: 22/07/2022, 3.15 പി.എം വരെ**
**ടെൻഡർ തുറക്കുന്ന തീയതി, സമയം: 22/07/2022, 3.30 പി.എം**
**ടെൻഡർ ഫോറം വില - 600/-രൂപ**
**നിരതദ്രവ്യം (EMD) - 2800/- രൂപ**

കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഭരണവിഭാഗം എ ഡി ബി 2 സെക്ഷനിൽ (ഫോൺ നം. 0481 2733307) നിന്നും www.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്നും അറിയാവുന്നതാണ്.

**പ്രത്യേക നിബന്ധനകൾ**

1. വിതരണം ചെയ്യുന്ന സാധനങ്ങളുടെ വ്യാപാര നാമം ടെണ്ടറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. സ്ഥാപനത്തിന്റെ ജി.എസ്.റ്റി നമ്പറും ടെൻഡറിൽ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
2. ടെൻഡർ ഫോറം, സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (www.mgu.ac.in/Downloads/ Other Forms/ Format of Tender Form)
3. ടെണ്ടർ ഫോറത്തിന്റെ വില സർവ്വകലാശാലയുടെ ഓൺലൈൻ പെയ്മെന്റ് സംവിധാനം മുഖേന അടയ്ക്കേണ്ടതും പണമടച്ചതിന്റെ രസീത് ടെൻഡറോടൊപ്പം സമർപ്പിക്കേണ്ടതുമാണ്.
4. ടെൻഡറിനോടൊപ്പം ഉള്ളടക്കം ചെയ്യുന്ന നിരത ദ്രവ്യം, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി Online Payment സംവിധാനത്തിലൂടെ (www.mgu.ac.in - Online Payment-Miscellaneous) സമർപ്പിക്കാവുന്നതാണ്.
5. **എല്ലാവിധ നികുതിയും, പാക്കിങ്, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കയറ്റിറക്ക് കൂലി മുതലായവ ഉൾപ്പെടെയുള്ള തുകയാണ്**

**രേഖപ്പെടുത്തേണ്ടത്.**

6. ടെൻഡറിൽ **ചെയറിന്റെ ബ്രാൻഡ് നെയിം പ്രത്യേകം ഉൾപ്പെടുത്തേണ്ടതാണ്.**

7. ടെൻഡറുകൾക്ക് രണ്ട് മാസത്തെ പ്രാബല്യം ഉണ്ടായിരിക്കും.

8. 200 രൂപയുടെ മുദ്രപത്രത്തിൽ പ്രിലിമിനറി എഗ്രിമെൻറ് സമർപ്പിക്കേണ്ടതാണ്

9. ടെൻഡറിനോടൊപ്പം ചെയറിന്റെ ഫോട്ടോ സമർപ്പിക്കേണ്ടതാണ്.

10. ടെൻഡർ ഉറപ്പിച്ചു കഴിഞ്ഞാൽ കരാറിനൊപ്പം ഹാജരാക്കുന്ന കരുതൽ നിക്ഷേപം, മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി Online Payment സംവിധാനത്തിലൂടെ (www.mgu.ac.in - Online Payment - Miscellaneous) സമർപ്പിക്കാവുന്നതാണ്.

11. അംഗീകരിക്കപ്പെടുന്ന ടെൻഡറുകൾ സപ്ലൈ ഓർഡർ തീയതി മുതൽ മൂന്ന് ആഴ്ചയ്ക്കുള്ളിൽ സപ്ലൈ പൂർത്തിയാക്കേണ്ടതാണ്.

12.ചെയറുകൾ സർവകലാശാലയിലെ ബഹു. വൈസ് ചാൻസിലറുടെ കോൺഫറൻസ് ഹാളിലേക്ക് വിതരണം ചെയ്യണം.

14. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അവസാന സമർപ്പണ സമയം കഴിഞ്ഞു ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.

15. ടെൻഡർ തുറക്കുന്ന ദിവസം അവധി ആണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിർദിഷ്ട സമയത്ത് ടെൻഡർ തുറക്കുന്നതാണ്.

16. നിശ്ചിത സമയ പരിധിക്കുള്ളിൽ ടെൻഡർ തുറക്കാൻ ആവശ്യമായ 3 ടെൻഡറുകൾ ലഭിച്ചില്ലായെങ്കിൽ ടെൻഡർ സ്വീകരിക്കുന്നതിനുള്ള സമയ പരിധി 15 പ്രവൃത്തി ദിവസങ്ങൾ കൂടി ദീർഘിപ്പിക്കുന്നതാണ്.

17. ദീർഘിപ്പിച്ച കാലയളവിൽ കൂടുതൽ ടെൻഡറുകൾ ലഭിച്ചാൽ ആദ്യ ടെൻഡറുകൾ ഉൾപ്പെടെയുള്ളവ പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

18. ദീർഘിപ്പിച്ച കാലയളവിൽ പുതിയ ടെൻഡറുകൾ ലഭിച്ചില്ലെങ്കിൽ 10 ദിവസത്തെ സമയ പരിധിയിൽ പുനഃ ടെൻഡർ ക്ഷണിക്കുന്നതായിരിക്കും.

19. ടെൻഡർ മാറ്റി വയ്ക്കുവാനോ, കാരണം കാണിക്കാതെ തന്നെ നിരസിക്കുന്നതിനോ രജിസ്ട്രാർക്ക് അധികാരം ഉണ്ടായിരിക്കും.

PRASAND THAMPY P
ASSISTANT REGISTRAR III (ADMIN)

അംഗീകാരത്തോടെ പുറപ്പെടുവിക്കുന്നു.

സെക്ഷൻ ഓഫീസർ

പകർപ്പുകൾ :-

1. സ്റ്റോർ കീപ്പർ, ജനറൽ സ്റ്റോർ
2. പി. ആർ.ഒ (രണ്ട് പ്രമുഖ മലയാളം ദിനപത്രങ്ങളിൽ പ്രസിദ്ധികരിക്കുന്നതിനു വേണ്ടി)
3. കണ്ടന്റ് മാനേജ്മന്റ് സെക്ഷൻ (യൂണിവേഴ്സിറ്റി വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് വേണ്ടി).
4. ഗവൺമെൻറ് ഓഡിറ്റ്.
5. ജനറൽ തപാൽ (ടെൻഡർ സ്വീകരിക്കുന്നതിന് വേണ്ടി).

Draft #2 of File 67417/AD B2-2/2022/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 05-Jul-2022 12:46 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 67417/AD B2-2/2022/AD B 2 Approved by ASSISTANT REGISTRAR III (ADMIN) on 05-Jul-2022 12:46 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം